പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.2129 | 13/06/2019 ൽ മറുപടി നല്കേണ്ടത്. |
|---|---|

## കറുകച്ചാൽ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ഡോ.എൻ. ജയരാജ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | കറുകച്ചാൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 2010 മുതൽ 2018 വരെ ഇൻപേഷ്യൻറ് വിഭാഗത്തിൽ ചികിത്സ തേടിയവരുടെ എണ്ണം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | എ) | കറുകച്ചാൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 2010 മുതൽ 2018 വരെ കിടത്തി ചികിത്സയ്ക്ക് വിധേയരായ രോഗികളുടെ എണ്ണം താഴെ കൊടുക്കുന്നു.<br><br>വർഷം – രോഗികളുടെ എണ്ണം<br>2010 – 948<br>2011 – 873<br>2012 – 863<br>2013 – 613<br>2014 – 500<br>2015 – 394<br>2016 – 186<br>2017 – 421<br>2018 – 203 |
| ബി) | പ്രസ്തുത കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പുതിയ കെട്ടിടം പണിതത് ഏതുഫണ്ട് ഉപയോഗിച്ചാണെന്നും എന്നാണ് പണി പൂർത്തിയാക്കിയതെന്നും വ്യക്തമാക്കാമോ; | ബി) | എം.എൽ.എ ഫണ്ട് (LAC-ADF) ഉപയോഗിച്ച് 2016 ലാണ് കെട്ടിടം പണിപൂർത്തീകരിച്ചിട്ടുള്ളത്. . |

| | | | |
|---|---|---|---|
| സി) | മെച്ചപ്പെട്ട സൗകര്യത്തിൽ പുതിയ കെട്ടിടം പണിതിട്ടും ഇൻപേഷ്യന്റ് ചികിത്സ നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; | സി) | ഇപ്പോൾ കിടത്തി ചികിത്സ ലഭ്യമാക്കിവരുന്നുണ്ട്. |
| ഡി) | കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ എന്ന നിലയിൽ പൂർണ്ണ വളർച്ചയിലെത്താൻ സ്റ്റാഫ്, കെട്ടിടം, വാഹനം എന്നിവയടക്കം എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആവശ്യമുന്നയിച്ച് ഏതെങ്കിലും പ്രൊപ്പോസലുകൾ ആശുപത്രി അധികൃതർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ? | ഡി) | സർക്കാരിന്റെ 16.06.2017 ലെ G.O (MS) No.113/2018/ ആ.കു.വ എന്ന ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിലെ വാഴൂർ റവന്യൂ ബ്ലോക്കിലെ കറുകച്ചാൽ സാമൂഹികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തേണ്ട സ്ഥാപനങ്ങളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആർദ്രം മാനദണ്ഡ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ട ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ ഈ സ്ഥാപനത്തിൽ നിലവിൽ ലഭ്യമാണ്. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി എൻ.സി.ഡി ക്ലിനിക്ക്, ശ്വാസ് ക്ലിനിക്ക്, ആശ്വാസ് ക്ലിനിക്ക്, നഴ്സസ് പ്രീ. ചെക്ക്, O.P transformation മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം മുഖേന സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ